പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5797 27.10.2011-ൽ മറുപടിയ്ക്ക്

## യുവകർഷകർക്ക് പുതിയ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ: | | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ പണിയെടുക്കുന്ന യുവജനങ്ങൾക്ക് വേണ്ടി പുതിയ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ; | (എ) | നിലവിലുള്ള ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതി, അംഗങ്ങൾക്ക് കൂടുതൽ പ്രയോജന പ്രദമായ രീതിയിൽ നടപ്പിലാക്കാൻ നടപടി എടുത്തു വരുന്നു. |
| (ബി) | കൃഷി വകുപ്പിൽ ഇപ്പോൾ നിലവിലുള്ള ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി എന്ന പരിപാടിയിൽ എന്തൊക്കെ സഹായങ്ങളാണ് യുവകർഷകർക്ക് നൽകുന്നത് ; വിശദാംശം വ്യക്തമാക്കുമോ ; | (ബി) | ഒരു ലക്ഷം യുവജന ങ്ങൾക്കുള്ള തൊഴിൽദാന പദ്ധതിയിൽ അംഗമായിരിക്കെ മരണമടഞ്ഞ 1213 പേരുടെ നോമിനികൾക്ക് 25,000/- (ഇരുപത്തി അയ്യായിരം രൂപ) വീതം 3.0325 കോടി രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയിൽ നിന്നും സ്വയം പിരിഞ്ഞു പോകുന്നവർക്ക്/ മറ്റ് തൊഴിൽ ലഭിച്ചവർക്കും 5000/- രൂപ (അയ്യായിരം രൂപ) നിരക്കിൽ 8515 പേർക്ക് 4.2575 കോടി രൂപ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിച്ച ശേഷം ഏതെങ്കിലും യുവകർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് പെൻഷൻ ഉൾപ്പെടെ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയെന്ന് അറിയിക്കുമോ ; | (സി) | പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു. പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്നവരുടെ നോമിനികൾക്ക് 25,000/- രൂപ (ഇരുപത്തി അയ്യായിരംരൂപ)വീതം നൽകി വരുന്നുണ്ട്. കൂടാതെ പദ്ധതിയിൽ നിന്നും സ്വയം വിരമിക്കാൻ താൽപ്പര്യമുള്ള അംഗങ്ങൾക്ക് 5000/- രൂപ നൽകി വിരമിക്കാൻ അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി പ്രകാരം എത്ര കോടി രൂപയാണ് തൊഴിൽ രഹിതരായ യുവകർഷകരിൽ നിന്നും സർക്കാർ വാങ്ങിയിട്ടുള്ളത് ; | (ഡി) | 10.41.98,508/ രൂപ (പത്ത് കോടി നാൽപ്പത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി എണ്ണായിരത്തി അഞ്ഞൂറ്റി എട്ട് രൂപ മാത്രം) അംഗങ്ങളിൽ നിന്നും സമാഹരിച്ചിട്ടുണ്ട്. |
| (ഇ) | ആയതിനനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുവാനോ, യുവകർഷകരെ സഹായിക്കുവാനോ സർക്കാരിന് കഴിഞ്ഞിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) & (എഫ്) | പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി എടുത്തിട്ടുണ്ട്. പ്രശ്നങ്ങൾ പരിഹരിച്ച് കൂടുതൽ സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (എഫ്) | എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിച്ച് കൂടുതൽ സഹായം യുവകർഷകർക്ക് നൽകുവാൻ സന്നദ്ധമാകുമോ? | | |

R.A. [signature]

സെക്ഷൻ ഓഫീസർ